**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 7133** — **03.11.2011 ലെ മറുപടിക്ക്**

**ഷൊർണ്ണൂർ മണ്ഡലത്തിലെ സഹകരണ മെഡിക്കൽ സ്റ്റോറുകളും നീതി സ്റ്റോറുകളും**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീമതി. കെ.എസ്. സലീഖ** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി)** |
| എ) ഷൊർണ്ണൂർ മണ്ഡലത്തിലെ സഹകരണ സ്ഥാപനങ്ങളുടെ കീഴിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ; | എ) 3 നീതി മെഡിക്കൽ സ്റ്റോറുകൾ . |
| ബി) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ നീതി മെഡിക്കൽ സ്റ്റോറുകൾ ഇല്ലാത്ത സഹകരണ സ്ഥാപനങ്ങളിൽ നീതി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | ബി) ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിൽ നിന്നും അപേക്ഷകൾ ലഭിക്കുന്ന പക്ഷം നടപടി സ്വീകരിക്കുന്നതാണ്. |
| സി) സഹകരണ സ്ഥാപനങ്ങളിൽ നീതി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ? | സി) സംഘത്തിന്റെ അപേക്ഷയോടൊപ്പം ഭരണ സമിതി തീരുമാനം, പ്രോജക്ട് റിപ്പോർട്ട്, സംഘത്തിന്റെ നിയമാവലി, ആഡിറ്റ് ചെയ്ത കണക്കുകൾ കൂടാതെ സംഘം നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കാനുദ്ദേശിക്കുന്നത് വാടക കെട്ടിടത്തിലാണെങ്കിൽ കെട്ടിട ഉടമസ്ഥനുമായുള്ള വാടക കരാർ പത്രം എന്നിവ പരിശോധിക്കുകയും അതോടൊപ്പം തന്നെ നിർദ്ദിഷ്ട നീതി മെഡിക്കൽ സ്റ്റോറിന് സമീപത്തായി ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ടോയെന്ന വിവരം, സംഘത്തിന് നീതിമെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സ്ഥിതി എന്നിവ പരിശോധിച്ച് ആതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർമാരുടെ ശുപാർശയോട് കൂടി സഹകരണ സ്ഥാപനങ്ങൾക്ക് നീതി മെഡിക്കൽ സ്റ്റോറുകൾ അനുവദിച്ച് നൽകുന്നു. കൺസ്യൂമർ ഫെഡറേഷനിൽ നിന്നു തന്നെ മരുന്നുകൾ വാങ്ങണമെന്ന നിർദ്ദേശത്തോട് കൂടിയാണ് നീതി മെഡിക്കൽ സ്റ്റോർ അനുവദിച്ച് നൽകുന്നത്. |

**സെക്ഷൻ ഓഫീസർ**